# **INTERNATIONAL MOTHER LANGUAGE DAY : 21/02/2021**

ഫെബ്രുവരി 21, ലോക മാതൃഭാഷ ദിനം, മലയാളത്തിന് ഏറെ പ്രാധാന്യം ലഭിക്കുന്ന ദിനം. നമ്മൾ അമ്മയെ സ്നേഹിക്കുന്ന പോലെ നാം മാതൃഭാഷയെ സ്നേഹിക്കുന്നു. നാം മലയാളത്തെ മാറോടു ചേർത്തു പിടിക്കുന്നു. ഒരു വ്യക്തി ലോകത്തെ മനസ്സിലാക്കുന്നത് ഭാഷയിലൂടെയാണ്. മനുഷ്യ ബോധത്തിന്റെ ഘടനതന്നെ ഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. 'മലയാളം' അത് പറയുമ്പോൾ തന്നെ എത്ര മധുരമാണ്. ഓരോ പിഞ്ചുകുഞ്ഞുങ്ങളും മാതൃഭാഷയെ ഒരു പരിശീലനവും കൂടാതെ പകർന്നെടുക്കുന്നു.

ഏതൊരു മലയാളിയോടും ഏതാണ് ഏറ്റവും നല്ല ഭാഷ എന്ന് ചോദിച്ചാൽ അത് മലയാളം എന്നു തന്നെ പറയും. അതിന് ഒരു തർക്കവും വേണ്ട. നമ്മുടെ ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും ഒരു മലയാളിയെ കണ്ടുമുട്ടാൻ സാധിക്കും. ലോകത്തിന്റെ എല്ലാ കോണിലും മലയാളം എത്തിച്ചേർന്നിരിക്കുന്നു. ഇന്ത്യയിൽ പ്രധാനമായും കേരള സംസ്ഥാനത്താണ് മലയാളം സംസാരിക്കുന്നത്. കൂടാതെ ലക്ഷദ്വീപിലെ പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും മലയാളമാണ് സംസാരിക്കുന്നത്.

മലയാളം ദ്രാവിഡ ഭാഷാകുടുംബത്തിൽപ്പെടുന്നു. ദ്രാവിഡ ഭാഷ കുടുംബത്തിൽ ഉൾപ്പെടുന്ന മലയാളത്തിന് തമിഴ്, സംസ്കൃതം എന്നീ ഭാഷകളും ആയി പ്രകടമായ ബന്ധമുണ്ട്. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷ കൈരളി, മലനാട്ട് ഭാഷ എന്നറിയപ്പെടുന്നു.

" മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ"

ശബ്ദമാധുരിയുടെ ഉത്തുംഗ ശൃംഗത്തിൽ നിന്നുകൊണ്ട് നമ്മുടെ കൊച്ചു കേരളത്തിന്റെ മഹാകവി വള്ളത്തോൾ നാരായണമേനോൻ ഇങ്ങനെ പാടി.

പോറ്റമ്മമാരായ മറ്റു ഭാഷകൾക്കു നടുവിൽ പെറ്റമ്മയുടെ സ്ഥാനം അലങ്കരിക്കുന്നത് മാതൃഭാഷയാണ്. നമ്മുടെ മാതൃഭാഷയായ മലയാളത്തിന് സൗന്ദര്യവും ലാളിത്യവും വർണനാതീതം തന്നെ.

മറ്റു ഭാഷകളെയും സംസ്കാരങ്ങളെയും മനസ്സിലാക്കുന്ന അവയെ സ്വായത്തമാക്കുന്നതും നല്ലതു തന്നെ. എന്നാൽ ഇതര ഭാഷാ സ്നേഹം മൂലം നമ്മുടെ മാതൃഭാഷയെ അവഗണിക്കുന്നത് തെറ്റു തന്നെയാണ്. കലാ-സാഹിത്യ രംഗങ്ങളിൽ അമൂല്യങ്ങളായ മുത്തുകളും രത്നങ്ങളും സമ്പാദിച്ചിട്ടുള്ള കേരള ഭാഷയുടെ അടിത്തട്ടിൽ ഇപ്പോഴും എണ്ണിയാലൊടുങ്ങാത്ത നിധികൾ ഒളിഞ്ഞു കിടക്കുന്നു.

മാതൃഭാഷയുടെ മാധുര്യവും സൗന്ദര്യവും ആസ്വദിക്കാൻ കഴിഞ്ഞാൽ, അതൊരു ഭാഗ്യം തന്നെ. കുട്ടികളുടെ കവിയായ കുഞ്ഞുണ്ണി മാഷ് പറഞ്ഞത് പോലെ

"ജനിക്കുമ്പോൾ മുതലെന്മകൻ ഇംഗ്ലീഷ് പഠിക്കണം,
അതിനയെൻ ഭാര്യതൻപെരിങ്ങിഗ്ലുണ്ടില്ലാക്കി ഞാൻ"

എന്നു പറയേണ്ട ഗതികേട് മലയാളിക്ക് ഉണ്ടാകാതിരിക്കട്ടെ.

അന്യഭാഷകൾ അഭ്യസിക്കുന്നതിനോടൊപ്പം മാതൃഭാഷയുടെ മൂല്യം മനസ്സിലാക്കാനും അതിന്റെ മാധുര്യം നുണയാനും കൈരളിയുടെ പുതിയ തലമുറയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.